"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉപഭോക്തൃകാര്യ വകുപ്പ് - കണ്ണൂർ ജില്ല ലീഗൽമെട്രോളജി വകുപ്പിന്റെ 4 ആഫീസുകൾ (ഡെപ്യൂട്ടി കൺട്രോളറാഫീസ് (ജനറൽ), ഡെപ്യൂട്ടി കൺട്രോളറാഫീസ് (ഫ്ലയിംഗ് സ്ക്വാഡ്), അസിസ്റ്റന്റ് കൺട്രോളർ ആഫീസ്, സർക്കിൾ 2 ഇൻസ്പെക്ടർ ആഫീസ്) പ്രവർത്തിക്കുന്ന TPW II/139-ാം നമ്പർ കെട്ടിടത്തിന്റെ വാടകതുക പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.64/2025/CAD തീയതി,തിരുവനന്തപുരം, 04-12-2025

---

പരാമർശം:-

1. ലീഗൽ മെട്രോളജി കൺട്രോളറുടെ 08.03.2021 തീയതിയിലെ A4-693/2021 നമ്പർ കത്ത്.

2. തലശ്ശേരി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 23.03.2023 ലെ D5/RENT/08/2020-21 നമ്പർ കത്ത്.

3. ലീഗൽ മെട്രോളജി കൺട്രോളറുടെ 20/7/2023 ലെ LMD-HQ 2865/2021-A4 നമ്പർ കത്ത്

4. 26.11.2025 ലെ സഉ(കൈ) 63/2025/സിഎഡി നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ ലീഗൽ മെട്രോളജി ഓഫീസുകളായ ഡെപ്യൂട്ടി കൺട്രോളറാഫീസ് (ജനറൽ), ഡെപ്യൂട്ടി കൺട്രോളറാഫീസ് (ഫ്ലയിംഗ് സ്ക്വാഡ്), അസിസ്റ്റന്റ് കൺട്രോളർ ആഫീസ്, സർക്കിൾ 2 ഇൻസ്പെക്ടർ ആഫീസ് എന്നിവ പ്രവർത്തിക്കുന്ന TPW II/139-ാം നമ്പർ കെട്ടിടത്തിന്റെ നിലവിലുള്ള 252.97 $m^2$ (actual carpet area) ഉപയോഗിക്കാൻ അനുമതി നൽകണമെന്നും വാടകതുക 28,739.92 രൂപയായി 23/12/2016 തീയതി പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് നൽകണമെന്ന് പരാമർശം (1) & (3) ലെ കത്ത് പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. അത് പ്രകാരം നിലവിലുള്ള സ്ഥല പരിമിതി പരിഗണിച്ച് മുകളിൽ പറഞ്ഞ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിന് 252.97 $m^2$ (actual carpet area) ഉപയോഗിക്കുന്നതിന് പരാമർശം (4 ) പ്രകാരം അനുമതി

നൽകിയിരുന്നു

2) കെട്ടിടത്തിന്റെ വാടക പുനർനിർണ്ണയിച്ച് നല്കണമെന്ന ലീഗൽ മെട്രോളജി കൺട്രോളറുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (1&3) ലെ ലീഗൽ മെട്രോളജി കൺട്രോളറുടെ ശിപാർശയുടേയും തലശേരി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ പരാമർശം (2) ലെ കത്തിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ല ലീഗൽമെട്രോളജി വകുപ്പിന്റെ 4 ആഫീസുകൾ (ഡെപ്യൂട്ടി കൺട്രോളറാഫീസ് (ജനറൽ), ഡെപ്യൂട്ടി കൺട്രോളറാഫീസ് (ഫ്ലയിംഗ് സ്ക്വാഡ്), അസിസ്റ്റന്റ് കൺട്രോളർ ആഫീസ്, സർക്കിൾ 2 ഇൻസ്പെക്ടർ ആഫീസ്) പ്രവർത്തിക്കുന്ന TPW II/139-ാം ം നമ്പർ കെട്ടിടത്തിന്റെ പ്രതിമാസ വാടക 23.12.2016 മുതൽ 28,739.92/- രൂപയായി (ഇരുപത്തിയെട്ടായിരത്തി എഴുനൂറ്റി മുപ്പത്തിയൊമ്പത് രൂപ തൊണ്ണൂറ്റി രണ്ട് പൈസ മാത്രം) പുനർ നിർണ്ണയിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ജോയിന്റ് സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനതപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി (CA2/16/2023-CAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ